ശമ്പളം നൽകിയതിലെ അപാകത

46 (2921) ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീ. റോയിജോൺ എന്ന തൊഴിലാളിക്ക് പ്രിന്റർഗ്രേഡ്-1 ആയി പ്രൊമോഷൻ നൽകിയിട്ടുണ്ടോ ; എങ്കിൽ എന്നുമുതലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഒ.റ്റി. വേജസ് നൽകിയപ്പോൾ എല്ലാപേർക്കും ഒന്നാംഗ്രേഡ് പ്രിന്ററുടെ ശമ്പളം കണക്കാക്കി നൽകിയപ്പോൾ ഈ തൊഴിലാളികൾക്കുമാത്രം രണ്ടാം ഗ്രേഡ് പ്രിന്ററുടെ ശമ്പളം കണക്കാക്കി നൽകിയതായി ആക്ഷേപം ഉണ്ടായിട്ടുണ്ടോ ;

(സി) എങ്കിൽ ഇത്തരത്തിൽ ശമ്പളം കണക്കാക്കാനുണ്ടായ കാരണം വ്യക്തമാക്കുമോ ; ഈ അപാകത പരിഹരിച്ച് നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 5-3-1999 മുതൽ

(ബി) പരാതി ലഭിച്ചിട്ടുണ്ട്.

(സി) ഇക്കാര്യം അച്ചടി വകുപ്പ് ഡയറക്ടറുടെ പരിശോധനയിലാണ്.

ഷൊർണ്ണൂർ പ്രസ്സിലെ ആധുനികവൽക്കരണം

47 (2922) ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഷൊർണ്ണൂർ സർക്കാർ പ്രസ്സിൽ ആധുനികവൽക്കരണത്തിന്റെ ഭാഗമായി എന്തു തുക ചെലവഴിച്ചിട്ടുണ്ട് ;

(ബി) പുതുതായി എത്ര മെഷീനുകൾ വാങ്ങിയിട്ടുണ്ട് ;

(സി) പ്രസ്തുത മെഷീനുകൾ പ്രവർത്തിപ്പിക്കുവാൻ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത പ്രസ്സിലേക്ക് പുതുതായി വാങ്ങിയ യന്ത്രങ്ങൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ആധുനികവൽക്കരണത്തിനായി 28 ലക്ഷത്തോളം രൂപ ചെലവാക്കിയിട്ടുണ്ട്.

(ബി) രണ്ട് ഓഫ്സെറ്റ് മെഷീനുകളും ക്യാമറാ ഡി.റ്റി. പി. പ്രിന്റിംഗ് ഡൗൺ ഫ്രയിം എന്നീ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) ബാധകമല്ല.

(ഇ) ഏറ്റവും ഒടുവിൽ വാങ്ങിയ ഓഫ് സെറ്റ് അച്ചടി യന്ത്രങ്ങൾ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു.

ഷൊർണ്ണൂർ സർക്കാർ പ്രസ്സിലെ എംപ്ലോയ്മെന്റ് സഹകരണ സംഘം

48 (2923) ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഷൊർണ്ണൂർ സർക്കാർ പ്രസ്സിൽ എംപ്ലോയ്മെന്റ് സഹകരണ സംഘം പ്രവർത്തനമാരംഭിച്ചതെന്നാണ് ;

(ബി) ഈ സംഘത്തെ ഡെപ്യൂട്ടി സൂപ്രണ്ട് ഉൾപ്പെടെ ഏതാനും മേലുദ്യോഗസ്ഥന്മാർ നശിപ്പിക്കുവാൻ ശ്രമിക്കുന്നതായി നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് ലഭിച്ചത് ;

(സി) നിവേദനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 31-8-1997-ൽ

(ബി) ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സ് എംപ്ലോയീസ് സഹകരണ സംഘത്തിന്റെ പ്രവർത്തനം ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ട് തടസ്സപ്പെടുത്തുന്നു എന്നാരോപിച്ചുകൊണ്ട് ഷൊർണ്ണൂർ. ഗവൺമെന്റ് പ്രസ്സ് എംപ്ലോയ്മെന്റ് യൂണിയന്റെ ഒരു പരാതി 22-1-2000-ൽ ലഭിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പരാതി അച്ചടി വകുപ്പ് ഡയറക്ടർ പരിശോധിച്ചു വരുന്നു.

ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിന്റെ പ്രവർത്തനം

49 (2924) ശ്രീ. കെ. അച്ചുതൻ :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിൽ എത്ര ജീവനക്കാർ ഉണ്ട് ;

(ബി) പ്രസ്തുത പ്രസ്സ് കാര്യക്ഷമമായി പ്രവർത്തിപ്പിക്കുവാൻ ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട് ;

(സി) ഈ പ്രസ്സിന്റെ ഉൽപ്പാദനക്ഷമതയ്ക്ക് കുറവുണ്ടായിട്ടുണ്ടോ ; എങ്കിൽ കാരണം വിശദമാക്കുമോ ; ഇക്കാര്യത്തിൽ അവിടുത്തെ ഉയർന്ന

LIBRARY ARCHIVES Kerala Legislative Assembly